# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6913 — 13.07.2012 ൽ മറുപടിയ്ക്ക്

## കല്ലട ഇറിഗേഷൻ പ്രോജക്ട്

ചോദ്യം : ശ്രീ. ജി. എസ്. ജയലാൽ

ഉത്തരം: ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി)

(എ) കല്ലട ഇറിഗേഷൻ പ്രോജക്ട് ജലസേചന ആവശ്യങ്ങൾക്കായി കമ്മീഷൻ ചെയ്തത് എന്നാണ് ; നാളിതുവരെ എന്ത് തുക ഈ ആവശ്യത്തിനായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

(എ) കല്ലട ജലസേചന പദ്ധതിയുടെ കീഴിൽ വലതുകര കനാലുകൾ 1986-ലും, ഇടതുകര കനാലുകൾ 1992-ലും കമ്മീഷൻ ചെയ്തു. പദ്ധതിക്കായി പ്ലാൻ ഫണ്ട് അനുവദിച്ചിരുന്ന 2004 വരെ ആകെ 673.8/-കോടി രൂപ ചിലവായി. തുടർന്ന് അറ്റകുറ്റപ്പണികൾക്കുള്ള നോൺ പ്ലാൻ ഫണ്ടാണ് അനുവദിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച ശേഷമാണോ കമ്മീഷൻ ചെയ്തത് ; അല്ലെങ്കിൽ ഇനി എത്രത്തോളം നിർമ്മാണ പ്രവർത്തനങ്ങൾ ശേഷിക്കുന്നുണ്ടെന്ന് അറിയിക്കുമോ ;

(ബി) അല്ല.

പദ്ധതിയുടെ കീഴിൽ താഴെപ്പറയുന്ന പ്രവൃത്തികൾ ഭാഗികമായി പൂർത്തീകരിക്കുവാൻ ഉണ്ട്.

1. പുലമൺ ഡിസ്ട്രിബ്യൂട്ടറി.
2. പൂതക്കുളം മൈനർ ഡിസ്ട്രിബ്യൂട്ടറി.
3. കോട്ടപ്പുറം മൈനർ ഡിസ്ട്രിബ്യൂട്ടറി.
4. വാഴമുട്ടം ഡിസ്ട്രിബ്യൂട്ടറി.
5. മൈനാഗപ്പള്ളി മൈനർ ഡിസ്ട്രിബ്യൂട്ടറി.
6. പടിഞ്ഞാറെ കല്ലട ഡിസ്ട്രിബ്യൂട്ടറി.
7. ചാത്തംമൂട് മൈനർ ഡിസ്ട്രിബ്യൂട്ടറി.
8. കായംകുളം ബ്രാഞ്ച് കനാൽ.
9. ഇടതുകര മെയിൻ കനാലിന്റെ 'രണ്ടാം' കിലോമീറ്ററിലെ വിള്ളൽ വീണ ഭാഗത്തിന്റെ പുനർനിർമ്മാണം.

(സി) കെ.ഐ.പി കനാലിന്റെ 2.3 കി.മീറ്ററിൽ വിള്ളൽ വീണ് തകരാർ സംഭവിച്ചിട്ട് എത്ര വർഷമായി ; ഇതുമൂലം ചാത്തന്നൂർ നിയോജക മണ്ഡലത്തിലേക്കുള്ള വെള്ളത്തിന്റെ ഒഴുക്ക് തകരാറിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) 20 വർഷമായി. ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ജലവിതരണം ഇത് കാരണം പൂർണ്ണതോതിൽ നടത്താൻ സാധിക്കുന്നില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) മേൽപ്പറഞ്ഞ തകരാർ പരിഹരിക്കുന്നതിനായി ജലസേചന വകുപ്പ് ഭരണാനുമതി ആവശ്യപ്പെട്ട് സർക്കാരിന് രേഖകൾ സമർപ്പിച്ചിരുന്നോ ; എങ്കിൽ

(ഡി) മേൽപ്പറഞ്ഞ വിള്ളൽ പരിഹരിക്കുന്നതിനായി 118/-ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റിന് 2010-ൽ ഭരണാനുമതി

എന്നാണ് അത് സമർപ്പിച്ചത് എന്ന് വ്യക്തമാക്കുമോ ; ഇതിന്മേൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദാംശം അറിയിക്കുമോ ?

നൽകിയിരുന്നു. എന്നാൽ റേറ്റ് ഷെഡ്യൂൾ റിവിഷനെ തുടർന്ന് പ്രസ്തുത വർക്ക് ടെൻഡർ ചെയ്യുവാനായില്ല. പുതുക്കിയ നിരക്കിൽ തയ്യാറാക്കിയ `172` ലക്ഷം രൂപയുടെ (ഒരു കോടി, എഴുപത്തിരണ്ട് ലക്ഷം) എസ്റ്റിമേറ്റ് 29/12/11-ൽ ഗവൺമെന്റിൽ ലഭിക്കുകയും അതിൻപ്രകാരം പ്രസ്തുത പ്രവൃത്തിക്ക് 12/07/2012-ൽ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ